പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.*523

19.05.2017 -ലെ മറുപടിയ്ക്ക്

## തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ മാർഗ്ഗങ്ങൾ

**ചോദ്യം**

ശ്രീ. കെ.ദാസൻ

ശ്രീ.എം.സ്വരാജ്

ശ്രീ.പി.കെ.ശശി

ശ്രീ. എം.രാജഗോപാലൻ :

**ഉത്തരം**

ശ്രീ. ടി.പി.രാമകൃഷ്ണൻ

( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനം സംരംഭക സൗഹൃദമായി മാറുന്നതിനോടൊപ്പം അതിന് വിഘ്നം വരാത്ത രീതിയിൽ തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

എ) തൊഴിലുടമ തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിക്കുകയും തദ്വാരാ കേരളത്തെ ഒരു സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും വികസന പദ്ധതികൾക്ക് വിളനിലമാകാനും നയരൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തൊഴിൽ വകുപ്പ് തയ്യാറാക്കിയ കരട് തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇക്കാര്യത്തിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ ഇടപെടൽ വിശദമാക്കാമോ;

ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് തൊഴിലാളി സൗഹൃദമാകുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ സംബന്ധിച്ച വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം വകുപ്പിന്റെ മേഖലാ കേന്ദ്രങ്ങൾ വഴി ട്രേഡ് യൂണിയൻ നേതാക്കൾ ഉൾപ്പെടെയുള്ള വിവിധ കാറ്റഗറികളിലുള്ള തൊഴിലാളികൾക്കായി ആരോഗ്യ സുരക്ഷിതത്വ അവബോധ പരിപാടികളും, വകുപ്പിന്റെ 'സുരക്ഷാരഥം' എന്ന മൊബൈൽ പരിശീലന വാഹനം ഉപയോഗിച്ച് നേരിട്ട് ഫാക്ടറികളിൽ എത്തി നിർമ്മാണ പ്രക്രിയക്ക് അനുയോജ്യമായ സുരക്ഷിതത്വ ആരോഗ്യ പരിശീലന വിദ്യാഭ്യാസ പരിപാടികളും തൊഴിലാളികൾക്ക് നൽകി വരുന്നു. കൂടാതെ സംസ്ഥാനത്ത് ആദ്യമായി തൊഴിലാളികൾക്ക് ജോലിയുടെ ഭാഗമായി ഉണ്ടാകാൻ സാദ്ധ്യതയുള്ള തൊഴിൽജന്യ രോഗങ്ങൾ, തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേയിലൂടെ കണ്ടുപിടിച്ച് പ്രതിരോധിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം ക്രഷർ, കശുവണ്ടി ഫാക്ടറി തൊഴിലാളികളിൽ പൂർത്തിയായി. സീഫുഡ് ഫാക്ടറി തൊഴിലാളികൾ, വെൽഡിംഗ് തൊഴിലാളികൾ, ഇലക്ട്രോപ്ലേറ്റിംഗ് തൊഴിലാളികൾ, അസംഘടിത മേഖലയിൽ പണിയെടുക്കുന്ന പാക്കിംഗ് തൊഴിലാളികൾ എന്നിവരിലും തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേ നടത്താൻ ലക്ഷ്യമിടുന്നു. തൊഴിലാളികളിൽ സുരക്ഷിതത്വ

| | |
|---|---|
| | സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും സുരക്ഷാദിനത്തോട് അനുബന്ധിച്ച് സേഫ്റ്റി അവാർഡുകളും നൽകി വരുന്നു. |
| സി) ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന പീടികകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ജൗളിക്കടകൾ എന്നിവിടങ്ങളിലെ തൊഴിലാളികളുടെയും അതിന്റെ പരിധിക്കു പുറത്തുള്ള സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയവരുടെയും ക്ഷേമത്തിനും ഇവർ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ? | സി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന പീടികകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ജൗളിക്കടകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾ അതിന്റെ പരിധിക്കു പുറത്തുള്ള സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ ഏകദേശം 4567 സ്ഥാപനങ്ങളിൽ നിന്നും 99237തൊഴിലാളികൾക്ക് 515 കോടിയോളം രൂപ ഈ സംവിധാനം മുഖാന്തിരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. 2017-ൽ നാളിതുവരെ 14238 സ്ഥാപന പരിശോധനകൾ നടത്തുകയും 1799 പ്രോസിക്യൂഷനും 161 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി മേഖല ഉൾപ്പെടെയുള്ള 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും **155214/180042555214** എന്നീ നമ്പരുകളിൽ രാവിലെ **7** മണി മുതൽ വൈകുന്നേരം **7** മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു. |

**സെക്ഷൻ ഓഫീസർ**